പതിനാലാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നമ്പർ : 3390

20.6.2018 ൽ
മറുപടിക്ക്

## കെ.എ.എസ്. നിയമനം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ.എൻ.എ. ഖാദർ | പിണറായി വിജയൻ (മുഖ്യമന്ത്രി) |
| എ) കെ.എ.എസ്. നിയമനത്തിനുള്ള രണ്ടാം സ്കീമിൽ ഭരണഘടനാ സ്ഥാപനങ്ങളിലെ ജീവനക്കാർക്ക് പരീക്ഷ എഴുതുന്നതിനുള്ള അവസരം നൽകേണ്ടതില്ല എന്ന തീരുമാനമെടുക്കുന്നതിനായി നിയമോപദേശം തേടിയിരുന്നോ; ഇല്ലെങ്കിൽ ഇപ്രകാരം തീരുമാനമെടുക്കാനിടയായ സാഹചര്യം വിശദമാക്കുമോ; | എ) ഇക്കാര്യത്തിൽ നിയമോപദേശം തേടിയിരുന്നില്ല. KAS രൂപീകരിക്കാൻ രണ്ടാം ഗസറ്റഡ് ജീവനക്കാരുടെ 10% തസ്തിക കുറവ് വരുത്തിയതിൽ ഭരണഘടനാ സ്ഥാപനങ്ങളെ ഉൾപ്പെടുത്തിയിട്ടില്ല. KAS ഉദ്യോഗസ്ഥരെ ഭരണഘടനാ സ്ഥാപനങ്ങളിൽ നിയമിക്കാനും ഉദ്ദേശിക്കുന്നില്ല. ഈ സാഹചര്യത്തിലാണ് സ്കീം II ൽ ഭരണഘടനാ സ്ഥാപനങ്ങളെ ഉൾപ്പെടുത്താതിരുന്നത്. |
| ബി) ഇപ്രകാരം തീരുമാനമെടുക്കുന്നതിനാധാരമായ രേഖകളുടെയും ഈ തീരുമാനം അംഗീകരിച്ച മന്ത്രിസഭാ യോഗത്തിന്റെ മിനിട്ട്സിന്റെയും അതിനായി നൽകിയ കുറിപ്പിന്റെയും പകർപ്പുകൾ നൽകാമോ; | ബി) മന്ത്രിസഭാ യോഗം ഈ വിഷയം പ്രത്യേകമായി പരിഗണിച്ചിട്ടില്ല. സെക്രട്ടറിതല സമിതിയാണ് കെ.എ.എസ്. കരട് ചട്ടങ്ങൾ തയ്യാറാക്കിയിട്ടുള്ളത്. കരട് ചട്ടത്തിലെ സ്കീം II, III എന്നിവയിൽ ഭരണഘടനാ സ്ഥാപനങ്ങൾ ഉൾപ്പെടുന്നില്ല. പ്രസ്തുത സമിതി തയ്യാറാക്കിയ കരട് ചട്ടങ്ങളാണ് മന്ത്രിസഭ അംഗീകരിച്ചിട്ടുള്ളത്. |
| സി) ഒരേ രീതിയിലുള്ള യോഗ്യതാ പരീക്ഷകൾ വിജയിച്ച് ഓരേ റാങ്ക് ലിസ്റ്റിൽ നിന്ന് വ്യത്യസ്ത സ്ഥാപനങ്ങളിൽ ഒഴിവിന്റെ അടിസ്ഥാനത്തിൽ നിയമനം ലഭിക്കുമ്പോൾ ഇപ്രകാരം നയപരമായ തീരുമാനമെടുത്ത് ചില സ്ഥാപനങ്ങളിലെ ജീവനക്കാർക്ക് മാത്രം പരീക്ഷ എഴുതുന്നതിനുള്ള അവസരം | സി) (എ) പിരിവിന്റെ മറുപടിയുടെ വെളിച്ചത്തിൽ പരിഗണനയിലില്ല. |

നിഷേധിക്കുന്നത് സ്വാഭാവിക നീതിയുടെ ലംഘനമല്ലേ; എങ്കിൽ തീരുമാനം പുന:പരിശോധിച്ച് നീതിലംഘനം പരിഹരിക്കുമോ;

| | | | |
|---|---|---|---|
| ഡി) | കെ.എ.എസ്. പരീക്ഷാ നടത്തിപ്പുമായി ബന്ധപ്പെട്ട് പി.എസ്.സി. നാളിതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; ഇതുമായി ബന്ധപ്പെട്ട് സർക്കാരും പി.എസ്.സി.യും തമ്മിൽ നടത്തിയ കത്തിടപാടുകളുടെ പകർപ്പുകൾ നൽകാമോ? | ഡി) | പരീക്ഷാ വിജ്ഞാപനം സംബന്ധിച്ച് പി.എസ്.സി. യുമായി കൂടിയാലോചന നടത്തിവരുന്നു. കത്തിടപാടുകളുടെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

GOVERNMENT OF KERALA
PERSONNEL & ADMINISTRATIVE REFORMS (AR 12)DEPARTMENT

No.803512/AR 12(1)/2016/ P & ARD

Thiruvananthapuram,
Dated : 01/01/2018

From

The Principal Secretary to Government

To

The Secretary,
Kerala Public Service Commission,
Pattom, Thiruvananthapuram.

Sir,

Sub: Personnel & Administrative Reforms Department – Kerala Administrative Service – Request for initiating of selection procedures – reg.

Ref: 1) Your letter No.AV(2)654/2017/GW dated 16.11.2017.
2) G.O.(P)No.12/2017/P&ARD dated 29.12.2017.
3) Gazette Notification SRO No.861/2017 dated 29.12.2017.

I am to invite your attention to the references cited. I am enclosing herewith a copy of the Gazette Notification SRO No.861/2017 dated 29.12.2017 requesting to initiate the recruitment process for the implementation of Kerala Administrative Service in the State immediately.

Yours faithfully

BISHWANATH SINHA
*Principal Secretary to Government*

website: www.keralapsc.gov.in
E-mail: kpsc.psc@kerala.gov.in
Phone: 0471 - 2447201

# കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ

No. A V(2)654/2017/GW

തിരുവനന്തപുരം
തീയതി: 01.02.2018

സെക്രട്ടറി
കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ
തിരുവനന്തപുരം

ADMINISTRATIVE ... 06 FEB 2018 * SECRETARIAT, TVPM. *

Immediate
Examine in
detail
Re ...

പ്രിൻസിപ്പൽ സെക്രട്ടറി,
ഉദ്യോഗസ്ഥ ഭരണ പരിഷ്കാര (എ. ആർ. - 12) വകുപ്പ്,
ഗവൺമെന്റ് സെക്രട്ടേറിയറ്റ്,
തിരുവനന്തപുരം.

JS(P&ARD)

സർ,

വിഷയം : കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ - അഡ്വൈസ് (റൂൾസ്)- കേരള അഡ്മിനിസ്ട്രേറ്റീവ് സർവീസ് (KAS) - വിശേഷാൽ ചട്ടം - സംബന്ധിച്ച്

സൂചന : 1. SRO No. 861/17
2. 15-06-2017 ലെ DO. No. 803512/AR- 12(1)/16/P &ARD നമ്പർ കത്ത്
3. 06-11-2017 തിയതിയിലെ കമ്മീഷന്റെ ഇതേ നമ്പർ ഉപദേശം.

*********

സൂചനയിലേയ്ക്ക് ശ്രദ്ധ ക്ഷണിക്കുന്നു.

സൂചന (2) പ്രകാരം കേരള പബ്ലിക് സർവീസ് കമ്മീഷന്റെ ഉപദേശത്തിനായി ലഭ്യമാക്കിയ കരട് ചട്ടത്തിൽ Rule(14) താഴെ പറയും പ്രകാരമായിരുന്നു.

Mode of Recruitment:

*(a) Recruitment to KAS shall be as per the scheme of examinations shown below:*

*(i) Preliminary Examination(Objective type) for selection of candidates who qualify for the main examination.*

*(ii) Main examination (Essay Type) for selection of candidate to personality test.*

*(iii) Interview: For final selection of candidates to KAS.*

*Provided that for the final selection of candidates, the Main Examination*

*and Interview shall have weightages of 80% and 20 % respectively.*

*(b) On the basis of the performance in the examination, separate rank list shall be prepared for the three categories viz. (i) By direct recruitment, (ii) By transfer from 1st Gazetted Posts in Departments and equivalent posts in Common Categories specified in Schedule I and (ii) By transfer from 1st Gazetted Posts in other Departments.*

*(c) The recruitment to KAS shall be conducted by Kerala Public Service Commission.*

ഇതു സംബന്ധിച്ച് കമ്മീഷൻ നൽകിയ ഉപദേശം താഴെ പറയും പ്രകാരമാണ്.

> *14(a)(i): · 'Preliminary examination (objective type) for selection of candidates to qualify for the main examination* എന്ന് മാറ്റേണ്ടതാണ്.
>
> *14(a)(ii): · (ii) 'main examination (descriptive type) for selection, of candidates for interview* എന്ന് ആക്കേണ്ടതാണ്.

<u>ഇതു സംബന്ധിച്ച് വന്ന അന്തിമ ചട്ടം (Rule 14(a))</u>

*The scheme of examination shall be decided by Government in consultation with the Kerala State Public Service Commission and shall be on the pattern, rigour and standards adopted by the Union Public Service Commission in the examination for recruitment to the Civil Services conducted in the year prior to the year of conduct of the examination for recruitment to the Kerala Administrative Service.*

കേരള പബ്ലിക് സർവീസ് കമ്മീഷനിൽ തെരഞ്ഞെടുപ്പ് നിക്ഷിപ്തമായിരിക്കുന്ന തസ്തികകളുടെ പരീക്ഷ നടത്തിപ്പ് നിർവ്വഹിക്കുന്നതും സിലബസ്സ്, സ്കീം എന്നിവ തീരുമാനിക്കുന്നതും കമ്മീഷൻ തന്നെയാണ്. കരട് ചട്ടത്തിൽ പരീക്ഷയുടെ വ്യത്യസ്ത ഘട്ടങ്ങളെ കുറിച്ച് പ്രതിപാദിക്കുകയും ഇതു സംബന്ധിച്ച് PSC യിൽ നിക്ഷിപ്തമായിരിക്കുന്ന ചുമതലകൾ വ്യക്തമാക്കുകയും ചെയ്തിരുന്നു. എന്നാൽ സർക്കാർ പ്രപ്പോസലിൽ നിന്നും അതുപോലെ PSC യുടെ ഉപദേശത്തിൽ നിന്നും തികച്ചും വ്യത്യസ്തമായി Rule 14 (a) യിൽ *'The scheme of examination shall be decided by Government in consultation with*

*the Kerala State Public Service Commission and shall be on the pattern, rigour and standards adopted by the Union Public Service Commission in the examination for recruitment to the Civil Services conducted in the year prior to the year of conduct of the examination for recruitment to the Kerala Administrative Service'* എന്ന വ്യവസ്ഥ ഉൾപ്പെടുത്തി അന്തിമ ഉത്തരവ് പുറപ്പെടുവിച്ചിരിക്കുന്നതായി കാണുകയും ആയത് കമ്മീഷൻ വിശദമായി ചർച്ച ചെയ്യുകയും ഉണ്ടായി.

പരീക്ഷ ഏതു വിധേന നടത്തണമെന്നതും സ്കീം ഏതുതരത്തിൽ ആയിരിക്കണമെന്നതും PSC ചട്ടങ്ങളെ അടിസ്ഥാനപ്പെടുത്തിയും, അതുപോലെ തന്നെ ഇതുമായി ബന്ധപ്പെട്ട് പ്രസ്താവിച്ച നിരവധി കോടതി വിധികളുടെ പശ്ചാത്തലത്തിലും ആണ്. UPSC, ഇതര State Service എന്നിവയിൽ നിന്ന് വ്യത്യസ്തമായി കമ്മീഷൻ പ്രസിദ്ധീകരിക്കുന്ന റാങ്ക് ലിസ്റ്റുകളുടെ ഘടന Narendran Commission report ന്റെ അടിസ്ഥാനത്തിൽ KS & SSR Rule 14 (e) പ്രകാരം Main list ന്റെ എണ്ണത്തിന്റെ 5 ഇരട്ടി എണ്ണം സപ്ലിമെന്ററി ലിസ്റ്റ് എന്നതാണ്.

വിജ്ഞാപനം ചെയ്യു ഒഴിവുകളിലേക്ക് മാത്രമാണ് UPSC റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കുന്നത്. തദവസരത്തിൽ കേരള പബ്ലിക് സർവീസ് കമ്മീഷൻ 3 വർഷത്തേക്കുള്ള Anticipatory ഒഴിവുകൾ കൂടി റാങ്ക് ലിസ്റ്റുകളിൽ നിന്നും നികത്തുന്നു. സപ്ലിമെന്ററി ലിസ്റ്റുകളിൽ ഓരോ വിഭാഗത്തിന്റെയും ലഭ്യതയ്ക്കനുസരിച്ച് മാർക്ക് lower ചെയ്യേണ്ടതായി വരാറുണ്ട്. ഇപ്രകാരം UPSC യിൽ നിന്നും തികച്ചും വ്യത്യസ്തമായ തെരഞ്ഞെടുപ്പു നടപടികൾ ഉൾക്കൊള്ളുന്ന KPSC Rules of Procedure ലെ വ്യവസ്ഥകൾ പ്രകാരം (Rule 3) Preliminary, Final Examination, Interview ഉൾപ്പെടെയുള്ള കാര്യങ്ങളിൽ കമ്മീഷനു തന്നെ തീരുമാനമെടുക്കാവുന്നതാണ്. കൂടാതെ സംവരണ ഊഴങ്ങൾ നികത്തപ്പെട്ടില്ലങ്കിൽ NCA വിജ്ഞാപനങ്ങളും ആയതിന്റെ തിരഞ്ഞെടുപ്പ് നടപടികളും പ്രത്യേകമായി കൈകൊള്ളേണ്ടതുണ്ട്. ആയതിനാൽ KAS ലേക്ക് തെരഞ്ഞെടുക്കപ്പെടുന്നതിലേക്കായുള്ള വിജ്ഞാപനങ്ങൾ തയ്യാറാക്കുന്ന അവസരങ്ങളിലെല്ലാം പരീക്ഷാനടത്തിപ്പ് സംബന്ധിച്ച് സർക്കാരിന്റെ തീരുമാനം ലഭ്യമാക്കേണ്ടിവരുന്നത് യഥാസമയം തെരഞ്ഞെടുപ്പ് പ്രക്രിയ പൂർത്തീകരിക്കുന്നതിന് തടസ്സമാകുന്ന സാഹചര്യം സംജാതമാക്കുന്നു. കൂടാതെ ഒരു ഭരണഘടനാ സ്ഥാപനമായ കമ്മീഷന്റെ അധികാരത്തിന്മേലുള്ള കടന്നുകയറ്റമായി ഇതിനെ കമ്മീഷൻ കാണുന്നു. ആയതിനാൽ മേൽ വ്യവസ്ഥ നീക്കം ചെയ്യേണ്ടതാണെന്നും, കരട് വ്യവസ്ഥയും

അതിന്മേലുള്ള കമ്മീഷന്റെ ഉപദേശവും പരിശോധിച്ച് ടി വ്യവസ്ഥ പരിഷ്കരിക്കേണ്ടതാണ് എന്നും അഭ്യർത്ഥിക്കുന്നു.

വിശ്വസ്തതയോടെ,

സാജു ജോർജ്ജ്
സെക്രട്ടറി
കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ

സെക്ഷൻ ഓഫീസർ

Yeskev / Letter / 01.02.2018